**പതിമൂന്നാം കേരള നിയമസഭ**

**നാലാം സമ്മേളനം**

**നിയമസഭാ നടപടികൾ – സംഗ്രഹം**

**2012 മാർച്ച് 19, തിങ്കൾ**

നിയമസഭ രാവിലെ 9.00-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**ധനകാര്യം**

**ക്രമപ്രശ്നം**

**ബഡ്ജറ്റിലെ വിവരങ്ങൾ ചോർന്നത് സംബന്ധിച്ച്**

പ്രതിപക്ഷ നേതാവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ) : സഭയിൽ ബഡ്ജറ്റ് അവതരിപ്പിക്കുന്നതിന് മുമ്പ് ബഡ്ജറ്റിലെ വിവരങ്ങൾ പത്രമാധ്യമങ്ങളിൽ വന്നത് സംബന്ധിച്ച ചെയറിന്റെ നിലപാട് വ്യക്തമാക്കണം.

**റൂളിംഗ്**

മി. സ്പീക്കർ : ബഡ്ജറ്റിലെ വിവരങ്ങൾ ധനകാര്യ വകുപ്പുമന്ത്രി നിയമസഭയിൽ അവതരിപ്പിച്ചതിനുശേഷം മാത്രമേ പത്രമാധ്യമങ്ങൾക്ക് അറിയാൻ സാധിക്കുകയുള്ളൂ. പ്രതിപക്ഷനേതാവ് സൂചിപ്പിച്ച കാര്യം ഇവിടെ അവതരിപ്പിക്കുന്ന ബഡ്ജറ്റിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ നടപടികളുമായി മുന്നോട്ടുപോകുന്നതാണ്.

## 2012–2013 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിന്റേയും വോട്ട് ഓൺ അക്കൗണ്ടിന്റേയും അവതരണം

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണി 2011–2012-ലെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളുടെ ഫൈനൽ സ്റ്റേറ്റ്മെന്റ് മേശപ്പുറത്ത് വച്ചു. തുടർന്ന് 2012–2013 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റ് അവതരിപ്പിച്ചു.

(രാവിലെ 9.00 മണിക്ക് ബഡ്ജറ്റ് പ്രസംഗം ആരംഭിച്ചു.)

(ബഡ്ജറ്റ് പ്രസംഗത്തിനിടയിൽ 'സർക്കാർ ജീവനക്കാരുടെ വിരമിക്കൽ തീയതി ഏകീകരണം പിൻവലിക്കുന്നതിനും പെൻഷൻ പ്രായം 56 ആയും നിജപ്പെടുത്തുന്നതിനും തീരുമാനിക്കുന്നു' എന്ന പരാമർശത്തിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ സഭയുടെ നടുത്തളത്തിൽ ഇറങ്ങി മുദ്രാവാക്യം വിളിച്ച് ബഡ്ജറ്റ് അവതരണം തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു. പ്രതിപക്ഷാംഗങ്ങളുടെ ബഹളത്തിനിടയിൽ ബഡ്ജറ്റ് പ്രസംഗം രാവിലെ 11.43-ന് പൂർത്തിയാക്കി.)

തുടർന്ന് 2012–13 സാമ്പത്തിക വർഷത്തേയ്ക്കുള്ള വോട്ട് ഓൺ അക്കൗണ്ട് അവതരിപ്പിച്ചു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി Medium Term Fiscal Policy and Strategy Statement with Medium Term Fiscal Plan for Kerala 2012-2013 to 2014-2015 മേശപ്പുറത്തു വച്ചു.

(ബഹളം വച്ചുകൊണ്ടിരുന്ന പ്രതിപക്ഷാംഗങ്ങൾ അവരവരുടെ സീറ്റുകളിലേയ്ക്ക് തിരിച്ചുപോയി.)

മി. സ്പീക്കർ : ബഡ്ജറ്റ് പ്രസംഗത്തിന്റെ കോപ്പികൾ ബഹുമാനപ്പെട്ട അംഗങ്ങൾക്കും പത്രപ്രതിനിധികൾക്കും ഇപ്പോൾ വിതരണം ചെയ്യുന്നതാണ്. ബഡ്ജറ്റ് ഡോക്യുമെന്റ്സ് എം.എൽ.എ. ഹോസ്റ്റലിൽ മെമ്പർമാർക്ക് അവരവരുടെ മുറികളിൽ എത്തിക്കുന്നതാണ്. മാധ്യമ പ്രതിനിധികൾക്കുള്ള ബഡ്ജറ്റ് ഡോക്കുമെന്റ്സ് 407-ാം നമ്പർ മുറിയിൽനിന്നും ലഭിക്കുന്നതാണ്.

(ബഡ്ജറ്റ് പ്രസംഗത്തിന്റെ കോപ്പികൾ വിതരണം ചെയ്തു.)

## അറിയിപ്പ്

### ശ്രീ. ആർ. സെൽവരാജിന്റെ രാജി

മി. സ്പീക്കർ : നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽനിന്നും കേരള നിയമസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട അംഗം ശ്രീ. ആർ. സെൽവരാജ്, 2012 മാർച്ച് 9-ാം തീയതി മുതൽ കേരള നിയമസഭയിലെ തന്റെ സ്ഥാനം രാജി വച്ചിരിക്കുന്ന വിവരം നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 169-ാം ചട്ടത്തിന്റെ 5-ാം ഉപചട്ടത്തിന്റെ ക്ലിപ്ത നിബന്ധനപ്രകാരം സഭയെ അറിയിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : നിയമസഭയുടെ ചരിത്രത്തിലാദ്യ മായിട്ടാണ് ബഡ്ജറ്റ് അവതരിപ്പിക്കുന്ന സമയത്ത് പ്രത്യേക പ്രതിഷേധം ഉണ്ടായിരിക്കുന്നത്. പെൻഷൻ പ്രായം ഏകീകരണം സംബന്ധിച്ച് ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിച്ച പാക്കേജിൽ, പെൻഷൻ തീയതി ഏകീകരിക്കുന്നത്

പിൻവലിക്കുന്ന സമയത്തുണ്ടാകുന്ന മുഴുവൻ ഒഴിവുകളും നികത്തുമെന്ന വാചകം പ്രതിപക്ഷം കേട്ടില്ല.

(ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിക്കുന്നതിനിടയിൽ പ്രതിപക്ഷാംഗ ങ്ങൾ വീണ്ടും പ്രതിപക്ഷനേതാവിന്റെ സീറ്റിനുസമീപം വന്ന് ബഹളം വച്ചുകൊണ്ടിരുന്നു.)

<u>റൂളിംഗ്</u>

<u>മി. സ്പീക്കർ</u> : ബഡ്ജറ്റ് അവതരിപ്പിക്കുന്ന ദിവസം അതുമായി ബന്ധപ്പെട്ട ഒരു ചർച്ചയും സഭയിൽ പാടില്ല. മുഖ്യമന്ത്രി എഴുന്നേറ്റ് ഒരു കാര്യം പറയണമെന്ന് ആവശ്യപ്പെട്ടതിനാൽ ചെയർ അനുവദിച്ചതാണ്. ഇവിടെ നടന്ന പ്രതിഷേധവുമായി ബന്ധപ്പെട്ട കാര്യം മുഖ്യമന്ത്രി പറഞ്ഞുവെ ന്നല്ലാതെ അദ്ദേഹം ബഡ്ജറ്റിന്റെ മെറിറ്റിലേയ്ക്ക് പോയിട്ടില്ല.

പ്രതിപക്ഷനേതാവ് പത്രങ്ങളിൽ ചില വാർത്തകൾ വന്നതായി പറയു കയുണ്ടായി. ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റ് പ്രസംഗത്തിലൂടെ സഭയിൽ അവതരിപ്പിച്ച ചില പ്രഖ്യാപനങ്ങൾ ഇന്നത്തെ ചില മാധ്യമങ്ങളിൽ വന്നതായി ചെയർ കാണുന്നു. ഇത്തരം സന്ദർഭത്തിൽ ഏത് സാഹചര്യത്തിൽ ബഡ്ജറ്റ് പ്രസംഗം ചോർന്നു എന്നതിനെക്കുറിച്ച് അന്വേഷിച്ച് ഗവൺമെന്റ് റിപ്പോർട്ട് നൽകണമെന്ന് പാർലമെന്റിലും കേരള നിയമസഭയിലും നിലവിലുള്ള റൂളിംഗുകൾ വ്യക്തമാക്കുന്നുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം ഗവൺമെന്റ് അന്വേഷിച്ച് സഭയെ അറിയിക്കണം.

സഭ രാവിലെ **11.55** -ന് പിരിഞ്ഞു.

•••••••••